## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 615** **28.10.2011 ന് മറുപടിയ്ക്ക്**

<u>ചില്ലറ വ്യാപാരരംഗത്ത് പ്രവർത്തിക്കുന്നവരുടെ പ്രശ്നങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ്<br>" ഇ. പി. ജയരാജൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ.റ്റി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ചില്ലറ വ്യാപാരരംഗത്ത് പ്രവർത്തിക്കുന്നവരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| ബി) ചില്ലറ വ്യാപാരരംഗം വഴി ഉപജീവനം നടത്തുന്നവരെത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) ചില്ലറ വ്യാപാരരംഗം വഴി ഉപജീവനം നടത്തുന്നവരുടെ എണ്ണം കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് നിലവിലുള്ള Kerala Food Dealers Licence, Kerala Sugar Dealers Licence, Kerala Pulses Dealers Licence, Kerala Edible Oil Vanaspathi & Baby Food Dealers Licence തുടങ്ങിയ വിവിധ നിയന്ത്രണ ഉത്തരവുകൾ പ്രകാരം ചില്ലറ വ്യാപാരികൾക്ക് നൽകിയിട്ടുള്ള ലൈസൻസുകളുടെ എണ്ണം 36974 ആണ്. |
| (സി) ചില്ലറ വ്യാപാരരംഗത്ത് വിദേശ കുത്തകകൾ കടന്നു വരുന്നത് തടയണമെന്ന ആവശ്യത്തോട് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; നിയമ നിർമ്മാണം വഴി ഇതു തടയാനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ ? | (സി) നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് വൻകിട കുത്തക കമ്പനികളുടെ കടന്നുകയറ്റം പൂർണ്ണമായും തടയാൻ കഴിയില്ല. ഇപ്പോഴത്തെ കണക്കുകൾ അനുസരിച്ച് ഇന്ത്യയിൽ നാലു ശതമാനം മാത്രമാണ് വൻകിട കുത്തക വ്യാപാര കമ്പനികൾ വിപണന മേഖലയിൽ പ്രവർത്തിക്കുന്നത്. എന്നാൽ വൻകിട വിദേശ വ്യാപാര ലോബികളുടെ വിപണന തന്ത്രങ്ങളെ ചെറുക്കുന്നതിന് ചെറുകിട വ്യവസായ മേഖലയ്ക്ക് സർക്കാർ ശക്തമായ പിന്തുണ |

നൽകുന്നുണ്ട്. ക്ലസ്റ്റർ അധിഷ്ഠിത വ്യവസായ വികസനം, പ്രൈസ് പ്രിഫറൻസ്, സബ്സിഡി, മാർജിൻ മണി, സാങ്കേതിക നവീകരണ പദ്ധതി, വിപണന സഹായം എന്നിവയ്ക്ക് ധന സഹായം നൽകി വരുന്നുണ്ട്. ഇതു മൂലം ചെറുകിട വ്യവസായ സംരംഭങ്ങളെ വിദേശ വിപണന മേഖലയുമായി മത്സരക്ഷമതയുള്ളവരാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ നയം.

വിദേശ കുത്തക കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്തുന്നതുമൂലം നിരവധി പേർക്ക് തൊഴിലവസരങ്ങളും മെച്ചപ്പെട്ട വേതനവും ലഭിക്കുന്നുണ്ട്. വിദേശ നിക്ഷേപവും സ്വകാര്യ നിക്ഷേപവും സംസ്ഥാനത്തിന് ഗുണകരമാകുമെങ്കിൽ സ്വീകരിക്കുക എന്നതാണ് സർക്കാരിന്റെ പൊതു നയം. അതിനാൽ കുത്തക കമ്പനികളുടെ കടന്നുകയറ്റം തടയുന്നതിനായി പ്രത്യേക നിയമനിർമ്മാണം നടത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

സെക്ഷൻ ഓഫീസർ